**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **12-09-2023 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. വി. അൻവർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഏർപ്പെടുത്തി കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര സേവനം ലഭ്യമാക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത്; ഇത്തരം യൂണിറ്റുകൾ വ്യാപകമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂട് കേരളത്തിലെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി സേവന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷ ബാക്കിയുള്ള 127 ബ്ലോക്കുകളിൽ കൂട് സംസ്ഥാന സർക്കാർ RKI ഫണ്ട ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങ് മൊബൈൽ വെറ്ററിനറി സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കർഷകരുടെ വീട്ടുപടിക്കൽ എത്തി വളർത്തു മൃഗങ്ങളുടെയു ഓമന മൃഗങ്ങളുടെയും ചികിത്സയാണ മൊബൈൽ വെറ്ററിനറി യൂണിറ്റ് കൊണ്ട പ്രധാനമായും ലക്ഷ്യമിടുന്നത്. ഇത് കൂടാതെ കർഷകർ ആവശ്യപ്പെടുന്ന പക്ഷം അവരുടെ ഉരുക്കളുടെ പ്രതിരോധ കുത്തിവയ്പ്പ് പശുക്കളുടെയും ആടുകളുടെയും കൃത്രിമ ബീജസങ്കലനം, ഓമന മൃഗങ്ങളുടെ വന്ധ്യംകരണം, വിവിധ ഫാമുകൾക്കുള്ള കൺസൾട്ടൻസി സർവീസുകൾ എന്നിവയു നടത്തി കൊടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേന്ദ്രീകൃത കാൾ സെന്റർ സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് കോമ്പൗണ്ടിൽ 24 മണിക്കൂറും സേവനം നൽകുന്ന ഒരു കേന്ദ്രീകൃത കാൾ സെന്റർ പ്രവർത്തിച്ചു വരുന്നു. 1962 എന്ന ടോൾ ഫ്രീ നമ്പറിൽ ആണ് പ്രസ്തുത കാൾ സെന്റർ പ്രവർത്തിക്കുന്നത്. നിലവിൽ കാൾ സെന്ററിൽ കരാറടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | നിയമിച്ചിട്ടുള്ള ഒരു വെറ്ററിനറി ഡോക്ടറുടെയും കുടുംബശ്രീയിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 3 കാൾ എക്സിക്യൂട്ടീവുകളുടെയും അദർ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ള 4 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും ഒരു ഓഫീസ് അറ്റെൻഡന്റിന്റേയും സേവനം ലഭ്യമാണ്. |
| (സി) | മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്നു വിശദമാക്കുമോ? | (സി) | കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ "ഇ-സമൃദ്ധ" എന്ന ഒരു "**ഡിജിറ്റൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ഇ-ഹെൽത്ത് സംവിധാനം**" നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടു കൂടിയാണ് ഈ പദ്ധതി തയ്യാറായി വരുന്നത്. പദ്ധതി പൂർണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടു കൂടി മൃഗാശുപത്രികളുടെ സേവനം, ഔട്ട് പേഷ്യന്റ് രജിസ്ട്രേഷൻ, അപ്പോയ്ന്റ്മെന്റ് എടുക്കൽ, തങ്ങളുടെ മൃഗങ്ങളുടെ ചികിത്സ വിവരങ്ങൾ മുതലായവ കർഷകർക്ക് വിരൽത്തുമ്പിൽ ലഭ്യമാകും. കേരളത്തിലെ എല്ലാ മൃഗാശുപത്രികളും, ലബോറട്ടറികളും ഈ സംവിധാനവുമായി ബന്ധിപ്പിക്കുന്നതോടെ കർഷകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സാധിക്കുന്നതാണ്. കൂടാതെ വെറ്ററിനറി ഡോക്ടർമാർക്ക് ഓരോ മൃഗത്തിന്റേയും പൂർവ്വകാല രോഗവിവരങ്ങളും, ലബോറട്ടറി റിപ്പോർട്ടുകളും അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് കൃത്യമായ രോഗനിർണ്ണയത്തിനും, ചികിത്സ ലഭ്യമാക്കുന്നതിനും, സാംക്രമിക രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനും ഉതകുന്നതാണ്. |

സെക്ഷൻ ഓഫീസർ